## ചോദ്യോത്തരം

മുജീബ്

# ജൂത, ക്രൈസ്തവ മതങ്ങൾ

■ *യഹൂദ, ക്രിസ്ത്യൻ മതങ്ങൾ സ്ഥാപിച്ചത് ആരാണ്? യേശുവിന്റെ മരണത്തിനു വളരെ കഴിഞ്ഞാണ് ക്രിസ്തുമതം ഉടലെടുത്തതും ഇന്നത്തെ ആരാധനകൾ തുടങ്ങിയതും എന്ന് മനസ്സിലാകുന്നു. മൂസാ നബിക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്ത് ആണ് ബൈബിളിലെ പഴയ നിയമം എന്ന് പറയുന്നത് സത്യമാണോ? ആണെങ്കിൽ ഇതെങ്ങനെ ബൈബിളിന്റെ അനുബന്ധമായി? പഴയ നിയമം, പുതിയ നിയമം എന്നാൽ എന്താണ്? യഹൂദരും ക്രിസ്ത്യാനികളും തമ്മിൽ ബന്ധമുണ്ടോ? വിവിധ അപ്പോസ്തലന്മാർ എഴുതിയ സുവിശേഷങ്ങളെയാണോ ബൈബിൾ എന്നു വിളിക്കുന്നത്?*

***എൻ.പി മുഹമ്മദലി***
***താമരശ്ശേരി***

**വി**ശുദ്ധ ഖുർആന്റെ പ്രസ്താവനയനുസരിച്ച് 'അല്ലാഹുവിന് മാത്രം കീഴ്പ്പെടുക, ദൈവേതര ശക്തികളെ വർജിക്കുക' എന്ന സന്ദേശവുമായി വിവിധ കാലഘട്ടങ്ങളിൽ ഭിന്ന ജനസമൂഹങ്ങളിൽ അല്ലാഹു ദൈവദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്; അവരിൽ ഇസ്രാഈല്യരിലേക്ക് നിയുക്തരായിരുന്ന പ്രവാചകവര്യന്മാരിൽ പെട്ടവരാണ് മൂസാ(അ)യും ഈസാ(അ)യും. ഇരുവരുടെയും ദൗത്യം മറ്റു പ്രവാചകന്മാരുടേതെന്നപോലെ ഏക ദൈവത്വത്തിലും മരണാനന്തരജീവിതത്തിലും അധിഷ്ഠിതമായ ജീവിതദർശനത്തിന്റെ പ്രബോധനമായിരുന്നു. എന്നാൽ മൂസായുടെ അനുയായികളെന്ന് അവകാശപ്പെടുന്ന യഹൂദരുടെയോ ഈസായിൽ വിശ്വസിക്കുന്നവരെന്ന് പറയുന്ന ക്രിസ്ത്യാനികളുടെയോ നിലവിലെ വിശ്വാസാചാരങ്ങൾ പ്രവാചകന്മാരുടെ യഥാർഥ അധ്യാപനങ്ങളല്ല. മൗലികമായിത്തന്നെ വ്യതിചലനങ്ങൾ യഹൂദ, ക്രൈസ്തവ മതങ്ങൾക്ക് സംഭവിച്ചുപോയിട്ടുണ്ട്.

മൂസാ നബി(അ)ക്ക് അല്ലാഹു നൽകിയ തൗറായുടെ ഒരേയൊരു കോപ്പി മാത്രമേ അദ്ദേഹം സൂക്ഷിച്ചിരുന്നുള്ളൂ. വേദഗ്രന്ഥം മൂസായുടെ അനുയായികൾ മനഃപാഠമാക്കിയിരുന്നുമില്ല. മൂസായുടെ ഒറിജിനൽ കോപ്പി പിന്നീട് യഹൂദർക്ക് നഷ്ടമായി. പിൽക്കാലത്ത് അത് ഒരു പുരോഹിതന് കണ്ടുകിട്ടി എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും വീണ്ടും അത് നഷ്ടമായി. പിൽക്കാലത്ത് അസ്രാ (ഉസൈർ) പ്രവാചകൻ ഓർമയിൽനിന്നും പരമ്പരാഗതമായി പ്രചരിച്ച വർത്തമാനങ്ങളിൽനിന്നുമായി ക്രോഡീകരിച്ചതാണ് നിലവിലെ തൗറായുടെ അടിസ്ഥാനം. അതിന്റെ ഉള്ളടക്കം പ്രതിഫലിപ്പിക്കുന്ന മത, സാമൂഹിക, നാഗരിക സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ മൂസാക്ക് എത്രയോ നൂറ്റാണ്ടുകൾക്ക് ശേഷമാണത് ക്രോഡീകരിക്കപ്പെട്ടത് എന്ന നിഗമനത്തിലാണ് ഗവേഷകർ എത്തിയിരിക്കുന്നത്. യേശുവിന് പതിനാലോ പതിമൂന്നോ നൂറ്റാണ്ടുകൾക്ക് മുമ്പാണ് മൂസാ ജീവിച്ചിരുന്നതെന്നാണ് ഗവേഷകമതം. അതേസമയം തൗറായുടെ തനി പകർപ്പാണെന്ന് യഹൂദരും ക്രൈസ്തവരും വിശ്വസിക്കുന്ന ബൈബിൾ പഴയനിയമത്തിലെ ഉൽപത്തി, പുറപ്പാട് പുസ്തകങ്ങളിലെ സിംഹഭാഗവും ബി.സി ഒമ്പതാം നൂറ്റാണ്ടിനടുത്താണ് രചിക്കപ്പെട്ടതെന്ന് കരുതപ്പെടുന്നു. ബി.സി ഏഴാം ശതകത്തിന്റെ അന്ത്യത്തിലാണ് ആവർത്തന പുസ്തകത്തിന്റെ രചന. സാംഖ്യാ, ലേവ്യ പുസ്തകങ്ങളാകട്ടെ ബി.സി അഞ്ച്, നാല് നൂറ്റാണ്ടുകളിലാണ് എഴുതപ്പെട്ടതെന്നും ചരിത്രഗവേഷകർക്ക് അഭിപ്രായമുണ്ട്. ബി.സി 587-ൽ നബുക്കഡ് നസർ ചക്രവർത്തി ഇസ്രാഈല്യരെ കീഴടക്കി അവരെ ബാബിലോണിയയിലേക്ക് നാടുകടത്തിയതിനു ശേഷമാണ് മേൽപറഞ്ഞ പുസ്തകങ്ങളുടെ രചന. മൂസായുടെ മരണവിവരം പോലും നിലവിലെ തൗറാ( ബൈബിൾ പഴയ നിയമം) ഉണ്ടെന്നിരിക്കെ അതൊരിക്കലും അതേപടി അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ടതാവാൻ വയ്യല്ലോ.

ഇസ്രായേൽ അഥവാ യഅ്ഖൂബ് നബിയുടെ 12 മക്കളുടെ സന്താനപരമ്പരയാണ് ഇസ്രായേല്യർ. യഅ്ഖൂബ് നബിയുടെ പുത്രൻ യൂസുഫിന്റെ ഭരണകാലത്ത് അവർ ഈജിപ്തിലേക്ക് ചേക്കേറി. അവിടെ അവർ പെറ്റുപെരുകി. യൂസുഫിന് ഏകദേശം 500 വർഷങ്ങൾക്കു ശേഷമാണ് ഫറോവമാരുടെ പീഡനത്തിൽനിന്ന് ഇസ്രായേല്യരെ മോചിപ്പിച്ച് ജന്മദേശമായ കനാനിലേക്ക് (നിലവിലെ ഫലസ്ത്വീൻ) കൊണ്ടുപോകാൻ അല്ലാഹു മോശെ (മൂസാ), സഹോദരൻ അഹ്റോൻ (ഹാറൂൻ) എന്നിവരെ നിയോഗിക്കുന്നത്. ഫറോവ ചക്രവർത്തിമാരുമായുള്ള നിരന്തരമായ സമരങ്ങൾക്കു ശേഷം രണ്ടു പേരും ഇസ്രായേല്യരെ മോചിപ്പിച്ചു സീനായിലെത്തിച്ചു. അവിടെവെച്ചാണ് തൗറാ മൂസാക്ക് ലഭിച്ചത്. അതിന്റെ കഥയാണ് മുകളിൽ സൂചിപ്പിച്ചത്. ഇസ്രായേല്യർ ഫലസ്ത്വീനിൽ തിരിച്ചെത്തിയശേഷം പലതരം ദുർമാർഗങ്ങളിലും അവർ അകപ്പെട്ടു. അവസാനമായി അവരെ സംസ്കരിക്കാൻ നിയുക്തനായിരുന്ന പ്രവാചകനാണ് ഈസാ (യേശു). ഈസാ നബിക്ക് അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥമാണ് ഇഞ്ചീൽ. അതാണ് പിൽക്കാലത്ത് ബൈബിൾ എന്ന പേരിൽ അറിയപ്പെട്ടത്. എന്നാൽ ഈസായുടെ സാന്നിധ്യത്തിൽ ശിഷ്യർ അത് രേഖപ്പെടുത്തിയിരുന്നില്ല. എ.ഡി 60-ൽ മത്തായിയും എ.ഡി 65-ൽ മാർക്കോസും ലൂക്കോസും എ.ഡി 90-ൽ യോഹന്നാനും (ജോൺ) എഴുതിയ സുവിശേഷങ്ങളാണ് നിലവിലെ ബൈബിളിന്റെ മുഖ്യ ഉള്ളടക്കം. ഈസായുടെ ഭാഷ അരാമിക് ആയിരുന്നു എന്നാണ് നിഗമനം. ബൈബിളാകട്ടെ ഗ്രീക്കിലും ലാറ്റിനിലുമാണ് എഴുതപ്പെട്ടത്. അതിനാൽ ഇഞ്ചീൽ അതേപടിയാണ് ബൈബിൾ എന്ന് പറയാനാവില്ല. ഉള്ളടക്കവും ഈസായുടെ അധ്യാപനങ്ങളോട് നീതിപുലർത്തുന്നതല്ല. ബൈബിൾ പഴയനിയമം (തൗറാ) യഹൂദരും ക്രൈസ്തവരും അംഗീകരിക്കുന്നു. പുതിയനിയമം ക്രിസ്ത്യാനികൾ മാത്രമേ സ്വീകരിക്കു

ന്നുള്ളൂ. ഈസായെത്തന്നെ തള്ളിപ്പറയുകയും കുരിശിലേറ്റാൻ പ്രേരിപ്പിക്കുകയും ചെയ്തവരാണല്ലോ യഹൂദർ. മുസ്‌ലിംകൾ പഴയതും പുതിയതുമായ ബൈബിളുകളിൽ ഖുർആനുമായി പൊരുത്തപ്പെടുന്ന ഭാഗങ്ങൾ മാത്രം സ്വീകരിക്കുന്നു (മറുപടിയിലെ കാലഗണന കൃത്യമല്ല. ഏകദേശ നിഗമനങ്ങളാണ്).

## മഖ്ബറകളിലെ അനാചാരങ്ങൾ

■ *2007 ജൂൺ 22-ലെ സിറാജ് ദിനപത്രത്തിൽ 'വായനക്കാരുടെ എഴുത്തുകളി'ൽ തിരുവനന്തപുരം ബീമാപള്ളി ഉറൂസിനെപ്പറ്റി വന്ന കുറിപ്പിൽനിന്ന്: "....നിസ്കാരത്തിന് പള്ളിയിൽ കയറിയപ്പോൾ കാതടപ്പിക്കുന്ന ശബ്ദത്തിൽ അത്യുഗ്രൻ മ്യൂസിക്കോടു കൂടിയ ഗാനങ്ങൾ പള്ളിക്കു ചുറ്റം വെച്ചിരിക്കുന്ന ബോക്സ് വഴി കേൾക്കാൻ കഴിഞ്ഞു.... സിയാറത്തിനു വേണ്ടി ദർഗ സ്ഥിതിചെയ്യുന്ന സ്ഥലത്ത് എത്തിയപ്പോൾ ഒരുപാട് സ്ത്രീകൾ ഔറത്ത് മറക്കാതെ ഹാളിൽ മുഴുവൻ കിടക്കുന്നത് കണ്ടു. ഇതിനിടയിലൂടെ വേണം പുരുഷന്മാർക്ക് സിയാറത്തിന് പോകാൻ. ഇങ്ങനെയുള്ള അനാചാരം വഴി വലിയ്യിന്റെ വെറുപ്പ് സമ്പാദിക്കാനേ സിയാറത്തുകൊണ്ട് സാധിക്കൂ. ഇവിടെയുള്ള ഇമാം മലപ്പുറം ജില്ലയിലെ പ്രാസ്ഥാനിക രംഗത്തുണ്ടായിരുന്ന ആളാണെന്ന് പറയപ്പെടുന്നു. ഉദ്ബുദ്ധ സമൂഹം ഇതിനെതിരെ പ്രതികരിച്ചില്ലെങ്കിൽ മഖ്ബറകൾ അനാചാരകേന്ദ്രങ്ങളായി മാറും...."* മുജീബ് *എന്തു പറയുന്നു?*

***ഉമ്മു നശ്‌വ***
***ഉളിയിൽ***

**ഖ**ബ്റുകൾ കെട്ടിപ്പൊക്കുന്നതും കുമ്മായം തേക്കുന്നതും അവക്കു മീതെ വിളക്ക് കത്തിക്കുന്നതുമൊക്കെ പ്രവാചകൻ തീർത്തും വിലക്കിയിരിക്കെ, മസാറുകളും ദർഗകളും സ്വയം തന്നെ അനിസ്‌ലാമിക ഉൽപന്നങ്ങളാണ്. അതിനാൽ അവിടെ നടക്കുന്ന ഉറൂസുകൾക്കോ മറ്റു വിക്രിയകൾക്കോ മതത്തിൽ ഒരു ന്യായീകരണവുമില്ല. ഇതേക്കുറിച്ച് ഒരക്ഷരം ഉരിയാടുന്നില്ലെന്നു മാത്രമല്ല സാമ്പത്തിക ലാഭത്തിനുവേണ്ടി അവയെ വെള്ളപൂശുക കൂടി ചെയ്യുന്ന പുരോഹിത സംഘടനകൾ മ്യൂസിക്, സ്ത്രീകളുടെ സ്വൈരവിഹാരം തുടങ്ങിയ അത്യാചാരങ്ങൾക്കെതിരെ മാത്രം പരാതിപ്പെട്ടിട്ട് എന്തു കാര്യം! സുന്നത്തായ ഖബ്ർ സിയാറത്ത് വേറെ, ശവകുടീര പൂജയും ഉത്സവങ്ങളും ഭക്തിവിൽപനയും പ്രസാദവും വേറെ. രണ്ടും കൂട്ടിക്കുഴക്കുകയാണ് സുന്നീ സംഘടനകളും പണ്ഡിതന്മാരും. അന്ധവിശ്വാസങ്ങൾ വ്യാപാരവത്കരിക്കപ്പെടുക കൂടി ചെയ്തതോടെ വനരോദനങ്ങൾകൊണ്ട് ഒരു പ്രയോജനവും ഇല്ല. മഖ്ബറകളെയും ഖബ്ർ സിയാറത്തിനെയും കുറിച്ച യഥാർഥ ഇസ്‌ലാമിക നിലപാട് ജനസാമാന്യത്തെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണ് വേണ്ടത്.

## പ്രോസിക്യൂട്ട് ചെയ്യണം

■ *'സ്ത്രീധനം അഥവാ സ്ത്രീയുടെ ധനം എന്ന പേരുതന്നെ ഈ യാഥാർഥ്യം വിളിച്ചോതുന്നുണ്ട്. ഭർത്താവ് തൽക്കാലം ആ പണം വാങ്ങി സ്വന്തം കാര്യങ്ങൾക്കായി ഉപയോഗിച്ചെന്നു വരാം. സന്ദർഭം വരുമ്പോൾ ആ പണം ഭാര്യക്ക് തിരിച്ചുകൊടുക്കാൻ അയാൾ ബാധ്യസ്ഥനുമാണ്. ഇങ്ങനെയൊരു പാരിതോഷികം കൊടുക്കുന്നതോ വാങ്ങുന്നതോ ഇസ്‌ലാം വിലക്കിയിട്ടില്ല. ഈ സമ്പ്രദായം കുറ്റകരമായി ആരും കണ്ടിരുന്നുമില്ല'-അബൂ ഇസ്ഹാഖ് ഇസ്മാഈൽ മൗലവി (ബുൽബുൽ മാസിക പു. 15 ല. 6 ഏപ്രിൽ). സത്യാവസ്ഥ എന്താണ്?*

***ഹാജറ ടീച്ചർ***
***കടന്നമണ്ണ***

**വി**വാഹം ചെയ്യാനുദ്ദേശിക്കുന്ന പുരുഷൻ വധുവിന് നൽകുന്ന മഹ്ർ അല്ലാതെ ഒരു ധനമിടപാടും വിവാഹത്തോട് അനുബന്ധിച്ച് ഖുർആനിലില്ല; പ്രവാചകചര്യയിലുമില്ല. സ്ത്രീയെ വിവാഹം ചെയ്യുന്നതിന് കോഴയായി രക്ഷിതാവ് വരന് നൽകുന്ന പണമോ സ്വർണമോ സാധനസാമഗ്രികളോ ആണ് സ്ത്രീധനം. അത് വിലക്കണമെങ്കിൽ നബിയുടെ കാലത്തെന്നല്ല ഇന്നേവരെ അറേബ്യയിലും മുസ്‌ലിംലോകത്തും അങ്ങനെയൊരാചാരം ഉണ്ടായിട്ടു വേണ്ടേ? ഇല്ലാത്തത് വിലക്കാനാവുമോ? ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ മുസ്‌ലിംകളിലേക്ക് ഇതര മതസ്ഥരിൽനിന്ന് കടന്നുവന്ന ക്രൂരമായ അത്യാചാരമാണ് സ്ത്രീധനം. അത് സ്ത്രീയുടെ ധനമല്ല, സ്ത്രീയെ ചെലവാക്കാൻ രക്ഷിതാക്കൾ ഗതികെട്ട് നൽകുന്ന കൈക്കൂലിയാണ്. ഏതു പണ്ഡിതൻ എങ്ങനെ ന്യായീകരിച്ചാലും സ്ത്രീധനം ഹലാലാവുകയില്ല. സ്ത്രീധനനിരോധനിയമപ്രകാരം ഇത്തരം പണ്ഡിതന്മാരെ പ്രോസിക്യൂട്ട് ചെയ്യുന്നതാണ് ശരി.

## റിയൽ എസ്റ്റേറ്റ്

■ *മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണല്ലോ പാർപ്പിടം. കുടിവെള്ളവും ആഹാരവും പോലെത്തന്നെ പാർപ്പിടവും ഇന്ന് കിട്ടാക്കനിയായി മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യൻ പെരുകുന്നു. പക്ഷേ, ഭൂമി വലുതാകുന്നില്ല. അതുകൊണ്ടുതന്നെ ഈ മേഖല ഇന്ന് വൻ ബിസിനസ്സായി മാറി. റിയൽ എസ്റ്റേറ്റ് എന്ന ഓമനപ്പേരിൽ കിട്ടാവുന്ന സ്ഥലങ്ങൾ മൊത്തമായി ഈ രംഗത്തെ ലോബികൾ ഏതാനും തുക അഡ്വാൻസ് നൽകി മാസങ്ങളുടെ ഇട നൽകി കൈവശമാക്കിവെച്ച് ഒന്നോ രണ്ടോ മാസത്തിനുള്ളിൽ വൻ കൊള്ളലാഭത്തിന് മറിച്ചുവിൽക്കുന്നു. കൈ നനയാതെ മീൻ പിടിക്കുന്ന ഈ പ്രവണത വളർന്നുകൊണ്ടിരിക്കുന്നു. ബിസിനസ് എന്ന പേരിൽ ഇതിനെ കാണാമോ? കുറഞ്ഞ മുതൽമുടക്കി മാസങ്ങൾക്കകം വൻ കൊള്ളലാഭം നേടുന്ന ഈ ബിസിനസ്സിന്റെ ഇസ്‌ലാമിക കാഴ്ചപ്പാട് എന്ത്?*

***അബൂ ബാസിൽ***
***ഫറോക്ക്***

**ഇ**സ്‌ലാമിന് അടിസ്ഥാനപരമായി ഒരു ഭൂനയമുണ്ട്. ഭൂമി സകല ജീവജാലങ്ങൾക്കും സമാധാനമായി കഴിയേണ്ടതിന് അല്ലാഹു നൽകിയ ഏറ്റവും മഹത്തായ അനുഗ്രഹം എന്നുള്ളതാണ് ഈ നയത്തിന്റെ കേന്ദ്ര ബിന്ദു. അതാർക്കെങ്കിലും അന്യായമായി സ്വന്തമാക്കാനോ സ്വന്തമാണെങ്കിൽ പോലും ന്യായീകരണമില്ലാതെ തരിശാക്കിയിടാനോ ഇസ്‌ലാം അനുവദിക്കുന്നില്ല. "ഐഹിക ജീവിതത്തെക്കുറിച്ച തന്റെ വാക്കുകൾ നിന്നെ വശീകരിക്കുന്ന ചിലരുണ്ട്. തന്റെ ഹൃദയശുദ്ധി തെളിയിക്കാൻ അല്ലാഹുവിനെ പോലും അയാൾ സാക്ഷിയാക്കിക്കളയും. യഥാർഥത്തിൽ അയാൾ സത്യത്തിന്റെ കഠിന ശത്രുവാണ്. പിന്തിരിഞ്ഞുപോയാൽ ഭൂമിയിൽ നാശമുണ്ടാക്കാനും കൃഷിയെയും മനുഷ്യവംശത്തെയും നശിപ്പിക്കാനാണ് അവന്റെ ശ്രമം. അല്ലാഹു നാശം ഇഷ്ടപ്പെടുന്നില്ല" (ഖുർആൻ 2:204,205). ഭൂമിയും കൃഷിയും ഭൂമിയിലെ വംശഘടനയും നശിക്കാതെ നിലനിന്നേ മതിയാവൂ. അത് തകർക്കാൻ ആര് ശ്രമിച്ചാലും അയാൾ ദൈവത്തിന്റെ ശത്രുവാണ്. ഒരു തുണ്ട് ഭൂമി അന്യായമായി കൈയേറിയവന്റെ കഴുത്തിൽ അല്ലാഹു മരണാനന്തര ജീവിതത്തിൽ ഏഴു ഭൂമികൾ കൊണ്ട് മാലയണിയും എന്ന് പ്രവാചകൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഭൂഉടമ തന്നെയാണെങ്കിലും മൂന്നു വർഷക്കാലം തുടർച്ചയായി കൃഷിയിറക്കാതെ അത് തരിശിട്ടാൽ, അതേറ്റെടുത്ത് കൃഷി ചെയ്തവനുള്ളതാണ് ആ ഭൂമി എന്നും പ്രവാചകൻ വിധിച്ചിട്ടുണ്ട്. യുദ്ധത്തിൽ ശത്രുക്കളെ പരാജയപ്പെടുത്തിയാൽ അവരുടെ സ്വത്തുക്കൾ 'ഗനീമത്താ'യി പോരാളി

കൾക്ക് പിടിച്ചെടുക്കാം. ഖൈബറിൽ യഹൂദരെ ജയിച്ചടക്കിയ ശേഷം നബി(സ) അവരുടെ ഭൂമി പിടിച്ചെടുത്തു വിതരണം ചെയ്യുകയുണ്ടായി. എന്നാൽ രണ്ടാം ഖലീഫ ഉമറിന്റെ കാലത്ത് രാജ്യങ്ങൾതന്നെ ഇസ്ലാമിന് കീഴടങ്ങിയപ്പോൾ കൃഷിഭൂമി ആ നാട്ടുകാർക്ക് പാട്ട വ്യവസ്ഥയിൽ വിട്ടുകൊടുക്കുകയാണ് അദ്ദേഹം ചെയ്തത്. മനുഷ്യസമൂഹത്തിന്റെ നിലനിൽപിനാധാരമായ ഭൂമി പൊതുതാൽപര്യം മുൻനിർത്തി വേണം കൈകാര്യം ചെയ്യപ്പെടാൻ.

ഈ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ നിലവിലെ റിയൽ എസ്റ്റേറ്റ് ഇടപാടുകളും മാഫിയകളും കർശനമായി കൈയാളപ്പെടേണ്ട സമസ്യകളാണ്. ഭൂരഹിതർക്ക് മിനിമം ഭൂമി ലഭ്യമാക്കുകയും അവശിഷ്ട ഭൂമി പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ കൃഷിക്കും വികസനാവശ്യങ്ങൾക്കുമായി പരമാവധി കരുതലോടെ ഉപയോഗിക്കുകയും ചെയ്യാൻ വ്യവസ്ഥകളുണ്ടാവണം. കുത്തകവത്കരണവും കൈയേറ്റങ്ങളും കൊള്ളലാഭത്തിനായുള്ള കൃത്രിമ വിലക്കയറ്റവും വ്യാജ പട്ടയങ്ങളും, മാരക രാസവളങ്ങളും കീടനാശിനികളും വ്യാപകമായി ഉപയോഗിച്ചുള്ള ഭൂമിനിഗ്രഹവും അവസാനിപ്പിച്ചേ തീരൂ. യഥാർഥ വിശ്വാസികൾ അരുതായ്മകൾക്ക് കൂട്ടുനിൽക്കുകയോ അതിൽ പങ്കാളികളാവുകയോ ചെയ്യാൻ ഒരു നീതീകരണവും ഇല്ല.

## ആരാണ് മുശ്രിക്ക്?

■ *ഖുർആൻ മുശ്രിക്കെന്ന് വിളിച്ചത് ആരെയാണ്? ശിർക്കൻ ആചാരങ്ങൾ വെച്ചു പുലർത്തുന്നവരെ എന്തുകൊണ്ട് മുശ്രിക്കെന്ന് വിളിച്ചുകൂടാ?*

***മുഹമ്മദ് സിയാദ്***
***കൊല്ലം***

**'അ**വൻ അല്ലാഹു ഏകനാണ്, അവന് ആരുടെയും ആശ്രയമില്ല. എല്ലാം അവനെ ആശ്രയിക്കുന്നു; അവൻ ജനകനല്ല ജനിതാവുമല്ല, അവന് തുല്യനായി ആരുമില്ല' (ഖുർആൻ സൂറഃ 112) എന്ന പ്രഖ്യാപനമാണ് ഇസ്ലാമിന്റെ ഏകദൈവസങ്കൽപം. അപ്പോൾ സത്തയിലോ ഗുണവിശേഷങ്ങളിലോ അധികാരാവകാശങ്ങളിലോ പങ്കാളികളായ ഒന്നിലധികം ദൈവങ്ങളുണ്ടെന്ന വിശ്വാസം, ദൈവം പിതാവോ പുത്രനോ ആണെന്ന വിശ്വാസം, ഈശ്വരതുല്യരായി സൃഷ്ടികളെ അവരോധിക്കുന്നത്- എല്ലാം ശിർക്കാണ്. ഈ ശിർക്ക് മൗലിക വിശ്വാസപ്രമാണമാക്കിയവനാണ് മുശ്രിക്ക്. യഹൂദരും ക്രൈസ്തവരും തൗഹീദിന് നിരക്കാത്ത വിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവരായിരിക്കെ അവർ അടിസ്ഥാനപരമായി അല്ലാഹുവിന്റെ ഏകത അംഗീകരിച്ചിരുന്നവരും വേദഗ്രന്ഥത്തിന്റെ അവകാശികളും ആകയാൽ മുശ്രിക്കുകളിൽ അവരെ ഖുർആൻ ഉൾപ്പെടുത്തിയില്ല, പകരം വേദക്കാർ (അഹ്ലുൽ കിതാബ്) എന്നാണ് സംബോധന ചെയ്തത്. ഉദാഹരണത്തിന് 98-ാം സൂറയുടെ തുടക്കം 'വേദക്കാരിലും മുശ്രിക്കുകളിലും പെട്ട സത്യനിഷേധികൾ' എന്നാണ്. യഹൂദരുടെയും ക്രിസ്ത്യാനികളുടെയും ശിർക്കുപരമായ വിശ്വാസങ്ങളെ ഖുർആൻ നിശിതമായി വിമർശിക്കെത്തന്നെയാണ് ഈ വേർതിരിവ്. ഈയടിസ്ഥാനത്തിൽ, ഖുർആനെ മൂലപ്രമാണമായി അംഗീകരിക്കുന്ന മുസ്ലിം സമൂഹത്തിലെ ആരെയും ശിർക്കുപരമായ വ്യതിചലനങ്ങളുടെ പേരിൽ - അത് എത്രതന്നെ ഗുരുതരമാണെങ്കിലും- മുശ്രിക്ക് എന്ന് മുദ്രകുത്തിക്കൂടാ. കാരണം ശിർക്കിനെ അടിസ്ഥാന വിശ്വാസമായി അവർ അംഗീകരിക്കുന്നില്ല, തങ്ങൾ തൗഹീദിലാണെന്ന് അവർ വാദിക്കുകയും ചെയ്യുന്നു. യഥാർഥ മുശ്രിക്കുകൾ ഏകദൈവവിശ്വാസം അവകാശപ്പെടുന്നവരല്ല (ചോദ്യകർത്താവ് 'മുഷ്രിക്ക്' എന്നെഴുതിയത് 'മുശ്രിക്ക്' എന്ന് തിരുത്തിയിട്ടുണ്ട്. ദക്ഷിണ കേരളത്തിൽ പൊതുവെ ശൈലി 'മുഷ്രിക്ക്' ആണെന്നറിഞ്ഞുകൊണ്ടുതന്നെയാണിത്. കാരണം, അറബിയിൽ ش എന്ന അക്ഷരമേയുള്ളൂ. അതിന് തുല്യമായി മലയാളത്തിൽ 'ശ' ആണുള്ളത്. 'ഷ'ക്ക് തുല്യമായ അക്ഷരമോ ഉച്ചാരണമോ അറബിയിലില്ല. ഉത്തരകേരള മാധ്യമങ്ങൾ പൊതുവെ ശൈഖ്, ശംസുദ്ദീൻ, ബശീർ എന്ന് എഴുതാനുള്ള കാരണവും ഇതുതന്നെ). ■